"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തിരഞ്ഞെടുക്കുന്നതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ചും പി.എം.സി ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**G.O.(Rt)No.2234/2019/LSGD തീയതി,തിരുവനന്തപുരം, 11/10/2019**

പരാമർശം:- 1 26.06.2019 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷന്റെ എട്ടാമത് എസ്.എൽ.ഇ.സി യോഗ നടപടിക്കുറിപ്പ്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.07.2019 തീയതിയിലെ എൽ.എഫ് 367/2017/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

'ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർ മുഖേനയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പുതുതായി കണ്ടെത്തിയ 56-ഓളം സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളെ തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നുവെന്നും കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ഇതിനുള്ള നടപടികൾ ലൈഫ് മിഷൻ ആരംഭിക്കുകയും പി.എം.സി കളെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവെന്നും പി.എം.സി കളെ തെരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി 14 ജില്ലകളെ 3 റീജിയണുകളായി തിരിക്കുകയും ഒന്നാമത്തെ റീജിയണിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളും രണ്ടാമത്തെ റീജിയണിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം,ഇടുക്കി എന്നീ ജില്ലകളും മൂന്നാമത്തെ റീജിയണിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളും ഉൾപ്പെടുത്തുകയും ചെയ്തുവെന്നും ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ഒന്നാമത്തെ റീജിയണിൽ ഏഴ് ബിഡ്ഡുകളും രണ്ടും മൂന്നും റീജിയണുകളിൽ എട്ട് ബിഡ്ഡുകൾ വീതവും ലഭിച്ചുവെന്നും ടി ബിഡ്ഡ് ഡോക്യുമെന്റുകളെല്ലാം ടെണ്ടർ ഇവാല്യുവേഷൻ കമ്മറ്റി പരിശോധിക്കുകയും Sri. C.R.Narayana Rao (P) Ltd,Chennai, CBRE South Asia (P) Ltd, Gurgaon, Infrastructure

Development Corporation,Karanataka, Bangaluru എന്നീ സ്ഥാപനങ്ങൾ ടെക്നിക്കൽ ബിഡ്ഡിൽ യോഗ്യത നേടുകയുണ്ടായിയെന്നും ഇവർ സമർപ്പിച്ചിട്ടുള്ള ഫിനാൻഷ്യൽ ബിഡ്ഡിൽ നിന്നും മൂന്ന് റീജിയണിലേക്കും ഏറ്റവും കുറഞ്ഞ ബിഡ്ഡ് സമർപ്പിച്ച Sri.C.R.Narayana Rao (P) Ltd, Chennai (1.95%) എന്ന സ്ഥാപനത്തെ 3 റീജിയണിലേക്കും പി.എം.സി യായി തെരഞ്ഞെടുത്തുവെന്നും ഭവന സമുച്ചയങ്ങൾക്കായി കണ്ടെത്തിയിട്ടുള്ള 56 സ്ഥലങ്ങളിൽ റീജിയൺ ഒന്നിൽ 18 സ്ഥലങ്ങളും റീജിയൺ രണ്ടിൽ 21 സ്ഥലങ്ങളും റീജിയൺ മൂന്നിൽ 17 സ്ഥലങ്ങളും തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഒന്നും രണ്ടും റീജിയണുകളിൽ ഏകദേശം 1750 യൂണിറ്റുകൾക്ക് 250 കോടി രൂപ വീതവും മൂന്നാമത്തെ റീജിയണിൽ 1350 യൂണിറ്റുകൾക്ക് 200 കോടി രൂപയും ആവശ്യമായി വരുന്നതാണെന്നും റീജിയൺ ഒന്നിലും രണ്ടിലും 4.9 കോടി രൂപയും റീജിയൺ മൂന്നിൽ 3.9 കോടി രൂപയും പി.എം.സി ചാർജ്ജായി നൽകുന്നതിനുള്ള അനുമതിയും ആവശ്യമാണെന്നും ടി തുക നഗരമേഖലയിലെ 4217 - 60 - 051 - 95 (P) എന്ന ഹെഡിലുള്ള 175 കോടി രൂപയിൽ നിന്നും വഹിക്കാവുന്നതാണെന്നും ആയതിനാൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് അംഗീകാരം നൽകണമെന്നും പി.എം.സി - ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുള്ള അനുമതി ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് അംഗീകാരം നൽകുന്നതിനും പി.എം.സിയ്ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുള്ള അനുമതി നൽകുന്നതിനും പരാമർശം (1) പ്രകാരം തീരുമാനമായിട്ടുണ്ട്.

3. പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ,സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക്, ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ചും പി.എം.സി ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

File No.LSGD-DB1/66/2019-LSGD

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്